# മലയാളിയും മദ്യപാനവും

ഡോ. പി.എൻ. സുരേഷ്കുമാർ MD, DPM, DNB, Ph.D.
പ്രഫസർ ഓഫ് സൈക്യാട്രി,
കെ.എം.സി.ടി. മെഡിക്കൽ കോളേജ്, കോഴിക്കോട്

കേരളം മദ്യത്തിന്റെ സ്വന്തം നാടായി മാറിയിട്ട് കാലമേറെയായി. അതിന്റെ നേട്ടങ്ങളും നമുക്കുണ്ട്. മൂന്നുകോടി മുപ്പത്തിനാല് ലക്ഷത്തോളം ആളുകളാണ് കേരളത്തിലുള്ളത്. ഇതിൽ പകുതിയിലധികം സ്ത്രീകളാണ്. ബാക്കി പകുതിയിൽ അഥവാ 173 ലക്ഷത്തിൽ 33 ലക്ഷത്തോളം പേർ സ്കൂൾ കുട്ടികളാണ്. അവർക്കിടയിലും മദ്യമുണ്ടെങ്കിലും 'കുടിയന്മാർ' എന്ന പദവിയിലേക്ക് അവർ വളർന്നെത്തുന്നതേയുള്ളു. തീരെ വയ്യാത്തവരും മദ്യപിക്കാത്തവരുമായി ഒരു പത്ത് ലക്ഷം പേരെക്കൂടി മാറ്റിനിർത്തിയാലും ബാക്കി ഒരു കോടിയോളം ഒന്നാംതരം കുടിയന്മാരുണ്ട് കേരളത്തിൽ. ഈ ഒരു കോടിയോളം പേരാണ് പ്രതിവർഷം പതിനായിരം കോടിയിലധികം രൂപയുടെ മദ്യം കുടിച്ചുതീർക്കുന്നത്. കേരളത്തിൽ ഒരു വർഷത്തിൽ ചിലവാകുന്നത് ഏതാണ്ട് 3500 കോടി രൂപയുടെ അരിയാണ്. അതേസമയം അരിയുടെ വിലയുടെ മൂന്നിരട്ടി അതായത് പതിനായിരം കോടി രൂപയുടെ മദ്യമാണ് പ്രതിവർഷം മലയാളികൾ അകത്താക്കുന്നത്. ആളോഹരി മദ്യ ഉപയോഗത്തിൽ ലോകത്തുതന്നെ ഒന്നാം സ്ഥാനത്തേക്ക് കുതിക്കുകയാണ് കേരളം. ആളോഹരി മദ്യത്തിന്റെ ഉപയോഗത്തിൽ അടുത്ത കാലത്താണ് പഞ്ചാബിനെ (7.9 ലിറ്റർ) പിന്നിലാക്കി കേരളം (8.3 ലിറ്റർ) ഒന്നാം സ്ഥാനത്തെത്തിയത്. ഒരു കൊല്ലം കേരളം കുടിച്ചുതീർക്കുന്ന മദ്യത്തിന്റെ അളവ് ഏകദേശം 26 കോടി ലിറ്ററാണ്. ഏറ്റവും കൂടുതൽ മദ്യവില്പന എറണാകുളം ജില്ലയിലും ഏറ്റവും കുറവ് ഇടുക്കി ജില്ലയിലുമാണ്.

മലയാളിയുടെ മദ്യാസക്തി അളക്കാൻ ഏകകം ഒന്നുമില്ലെങ്കിലും ചില കാര്യങ്ങൾ ഇക്കാര്യം തെളിയിക്കുന്നവയാണ്. മലയാളികൾ കുടിച്ചുതീർക്കുന്ന മദ്യത്തിന്റെ അളവ് ഓരോ വർഷവും വർദ്ധിച്ചുവരികയാണെന്ന് സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ വാർഷിക വിറ്റുവരവ് കണക്കുകൾ സൂചിപ്പിക്കുന്നു. അതുകൊണ്ടുതന്നെ മദ്യ ഉല്പാദകരും പ്രത്യേക പരിഗണന കേരളത്തിന് നൽകുന്നുണ്ട്. ഉത്സവകാല ഇളവുകളും സമ്മാനങ്ങളുമൊക്കെയായിട്ടാണ് മലയാളി കുടിയന്മാരെ മദ്യകമ്പനികൾ സന്തോഷിപ്പിക്കുന്നത്. മലയാളികൾ ഈ ഓഫറുകൾ ആവോളം ആസ്വദിക്കുന്നുവെന്നാണ് പ്രതിവർഷ വിറ്റുവരവ് കണക്കുകൾ സൂചിപ്പിക്കുന്നത്. 1984-85 കാലത്ത് വെറും 55 കോടി രൂപയുടെ മദ്യം മാത്രമാണ് കേരളത്തിൽ വിറ്റഴിഞ്ഞത്. 1990 ൽ ഇത് ഇരട്ടിയായി. അതായത് കൃത്യം 117 കോടി രൂപ. സാമ്പത്തിക ഉദാരവൽക്കരണ പ്രക്രിയക്ക് ആക്കം കൂട്ടിയതും ആഗോളവത്കരണവും മലയാളിയുടെ ജീവിതശൈലിയെ ബാധിച്ചു തുടങ്ങിയത് ഈ കാലത്താണ്. വേഗതയേറിയ പുത്തൻ ജീവിത സാഹചര്യങ്ങളും അനുദിനം മാറുന്ന സാമൂഹ്യാന്തരീഷവും ജീവിത സമ്മർദ്ദവും തൊഴിൽ സാഹചര്യങ്ങളുമൊക്കെ സൃഷ്ടിച്ച അരക്ഷിതാവസ്ഥയുടെ ഉപോത്പന്നം കൂടിയായി ഈ മദ്യാസക്തിയെ കാണാവുന്നതാണ്. തുടർന്നുള്ള പത്ത് വർഷമാണ് ഈ കണക്കുകളിൽ ശ്രദ്ധേയം. അതായത് 1990 മുതൽ 2000 വരെയുള്ള കാലം 1990ൽ 117 കോടിയായിരുന്ന മദ്യ ഉപയോഗം വെറും 7 വർഷംകൊണ്ട് കുതിച്ചുയർന്ന് 1997ൽ 1000 കോടിയായി. 7 വർഷത്തെ വർദ്ധനവ് 1000 കോടി രൂപ എന്നത് ഭയാനകമായ ഒരു വിശേഷംതന്നെയായിരുന്നു. 1997ന് ശേഷം കൃത്യം 7 വർഷം കഴിഞ്ഞപ്പോൾ 1000 കോടി എന്നത് ഇരട്ടിയായി. അതായത് 2003 വർഷത്തിൽ കേരളത്തിൽ വിറ്റഴിഞ്ഞത് 2070 കോടി രൂപയുടെ മദ്യം. ഓരോ 7 വർഷം കഴിയുമ്പോഴും കേരളീയർ കഴിക്കുന്ന മദ്യത്തിന്റെ മൂല്യം ആയിരം കോടി

രൂപയായി വർദ്ധിക്കുന്നു എന്നത് സംസ്ഥാനത്തിന്റെ സാമ്പത്തിക-സാമൂഹിക-ആരോഗ്യ മേഖലയുടെ നടുവൊടിക്കുന്നതാണ്. സംസ്ഥാന സർക്കാരിന് വരുമാനം വർദ്ധിക്കുന്നു എന്നതൊഴിച്ചാൽ.

ഓണം ക്രിസ്തുമസ്, പുതുവത്സരാഘോഷം, തിരഞ്ഞെടുപ്പ് സീസൺ, ഹർത്താൽ എന്നീ സന്ദർഭങ്ങളിലാണ് കേരളത്തിൽ ഏറ്റവുമധികം മദ്യം വിറ്റഴിയുന്നത്. 1984 മുതൽ 2013 വരെ കേരളം കുടിച്ചുതീർത്തത് 23,28,231 കോടി രൂപയുടെ മദ്യം. എത്ര ഭയാനകമാണ് ഈ സ്ഥിതിയെന്ന് ഓർക്കുക. ഈ കണക്കുകൾ വിശദമായി പരിശോധിച്ചാൽ വ്യക്തമാകുന്ന ഒട്ടേറെ കാര്യങ്ങൾ ഉണ്ട്. എങ്ങനെയാണ് കേരളീയർ അമിത മദ്യാസക്തിയുള്ളവരായതെന്ന ചോദ്യത്തിന് ഉത്തരം തേടുന്നതിന് ഇത് സഹായകമാകും.

മദ്യസേവയുടെ കാര്യത്തിൽ കരുനാഗപ്പള്ളിയും ചാലക്കുടിയും ഇഞ്ചോടിഞ്ച് പോരാടുകയാണ്. 2010 തിരുവോണദിവസം കരുനാഗപ്പള്ളിയിൽ ബിവറേജ് കടയിൽ വിറ്റത് 14.23 ലക്ഷം രൂപയുടെ മദ്യമാണ്. ഒരു കടയിൽ ഒരു ദിവസംകൊണ്ടുണ്ടായ ഏറ്റവും കൂടിയ വില്പന. 13.89 ലക്ഷം രൂപയുടെ വില്പനയുമായി ചാലക്കുടി തൊട്ടു പിറകെയുണ്ട്. ഏറെ കാലമായി ചാലക്കുടി മദ്യവില്പനയിൽ മുൻനിരയിലാണ്. ചാലക്കുടിയിൽ ഇങ്ങനെ മദ്യ വില്പന വർദ്ധിക്കുന്നതെങ്ങനെ എന്നതിന് കൃത്യമായ കാരണമില്ല. അതിരപ്പള്ളിയിൽ പോയാൽ വെള്ളച്ചാട്ടവും കാണാം, വെള്ളവും അടിക്കാം എന്നതത്രേ കാരണം. ടൂറിസത്തിലെ ലഹരിയുടെ സ്വാധീനം യുവാക്കളെ വെള്ളച്ചാട്ടങ്ങളിൽ കാൽ തെറ്റിക്കുന്നു, മറ്റ് അനാശ്യാസമേഖലകളിലേക്കും നയിക്കുന്നു. ചാലക്കുടിയിലെ മദ്യവില്പന കുറയണമെങ്കിൽ കൊരട്ടിയിലും കൊടകരയിലും ഓരോ കട തുറന്നാൽ മതി എന്നാണ് ബിവറേജുകാരുടെ അഭിപ്രായം.

**മലയാളിയുടെ പ്രിയ മദ്യം**

ദൈവത്തിന്റെ സ്വന്തം നാടാണ് കേരളം. ഏറ്റവും കൂടുതൽ ആൽക്കഹോൾ അടങ്ങിയതും തലച്ചോറിനെ ഏറ്റവുമധികം ബാധിക്കുന്നതുമായ റം ആണ് മലയാളിയുടെ ഇഷ്ടമദ്യം. എത്രയോ വർഷമായി മലയാളി കുടിക്കുന്ന മദ്യത്തിൽ പകുതിയിലേറെയും റമ്മാണ് (60%). റം കഴിഞ്ഞാൽ ബ്രാണ്ടി(38%). ജിൻ, വൈൻ, വോഡ്കാ, വിസ്കി തുടങ്ങിയവയെല്ലാം കൂടി 3%. മദ്യത്തിന്റെ കണക്കെടുക്കുമ്പോൾ ബിയറിനെ പ്രത്യേകമായാണ് പരിഗണിക്കുന്നത്. ഹോട്ട് ഇനങ്ങൾ ഒരു സെറ്റ്. ബിയർ മാത്രം മറ്റൊരു സെറ്റ്. റം വിൽക്കുന്നതിന്റെ 70-80 ശതമാനത്തോളം ബിയറും വിറ്റുപോകുന്നു. എന്നാൽ ബാറുകളിലും ക്ലബുകളിലും റമ്മിനേക്കാൾ കൂടുതൽ ചെലവാകുന്നത് ബ്രാണ്ടിയാണ്.

ബിവറേജസ് കോർപ്പറേഷൻ ഏറ്റവുമധികം വിൽക്കുന്ന 10 ബ്രാന്റുകൾ ഇവയാണ്.

1. ഓൾഡ് പോർട് റം (OPR)
2. ഓൾഡ് കാസ്ക് (OCR)
3. നമ്പർ 1 ഹണീബീ ബ്രാണ്ടി
4. നമ്പർ 1 മാക്ഡവൽസ് ബ്രാണ്ടി
5. സീറോ അവർ റം
6. ഓൾഡ് അഡ്മിറൽ വി.എസ്. ഒ.പി. ബ്രാണ്ടി
7. റോയൽ ആർമി റം
8. ഹാട്രിക് റം
9. എംപീസ് സിസ്കർ റം
10. ന്യൂ ജവാൻ സ്പെഷ്യൽ റം

ഏറ്റവുമധികം വിറ്റുപോകുന്ന ഒ.പി.ആർ. തന്നെയാണ് ഏറ്റവും വിലകുറഞ്ഞ മദ്യവും.

**മലയാളിയുടെ മദ്യബ്രാന്റും വില്പനശാലകളും**

കേരളത്തിൽ മാത്രം വിറ്റുപോകുന്നത് മദ്യത്തിന്റെ 2700 ബ്രാന്റുകളാണ്. കണക്കനുസരിച്ച് ഹോട്ട് ഇനങ്ങളുടെ 302 ബ്രാന്റുകളാണ് ബിവറേജസ് കോർപ്പറേഷൻ വിൽക്കുന്നത്. 19 ബ്രാന്റ് ബിയറും ഏഴുതരം വൈനുകളും കൂടെയുണ്ട്. കേരളത്തിലെ 12 ജില്ലകളിലായി 16 വെയർഹൗസുകളും സംസ്ഥാനത്തൊട്ടാകെ നിരവധി റീട്ടെയിൽ ഷാപ്പുകളുമുണ്ട് കോർപ്പറേഷന്. കൺസ്യൂമർ ഫെഡിന് 46 ഷോപ്പുകളും. കേരളത്തിൽ മദ്യവിൽപ്പനയുടെ കുത്തക സർക്കാർ സ്ഥാപനമായ ബിവറേജസ് കോർപ്പറേഷനാണ്. കേരളത്തിൽ ഏറ്റവും നന്നായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലൊന്നുകൂടിയാണ് ഈ കോർപ്പറേഷൻ എന്നതാണ് എടുത്തുപറയത്തക്ക നേട്ടം. ഈ സ്ഥാപനത്തിന്റെ പ്രവർത്തനം തികച്ചും സുതാര്യമാണ്. ഇതുവരെയുള്ള അറിവ് വെച്ച് കണക്കുകൾ കൃത്യമായി പരിപാലിച്ച് പോരുന്ന വെബ് സൈറ്റുമുണ്ട് കോർപ്പറേഷന്.

ഈ വില്പനശാലകൾക്ക് പുറമേയാണ് കേരളത്തിലങ്ങോളമിങ്ങോളമുള്ള നൂറു കണക്കിന് ബിയർ, വൈൻ ബാറുകൾ, കെ.ടി.ഡി.സി. ബിയർ പാർലറുകൾ, ഒട്ടനവധി ക്ലബുകൾ എന്നിവ. അതിനും പുറമേയുള്ള സമാന്തര വില്പനയുടെ ലോകമാണ് മുക്കിലും മൂലയിലുമുള്ള കള്ളുഷാപ്പുകൾ. 2012–2013 സാമ്പത്തിക വർഷത്തിൽ ബിവറേജസ് കോർപ്പറേഷനിൽനിന്ന് മാത്രം സംസ്ഥാന ഖജനാവിലേക്ക് ഒഴുകിയെത്തിയത് 8818 കോടി രൂപയാണ്. ബാറുകളിൽനിന്നുള്ള കോടികൾ വേറെ. മാറിമാറി വരുന്ന സർക്കാരുകൾ കുടിയൻമാരെ പ്രോത്സാഹിപ്പിക്കാനുള്ള ഒരു കാരണം ഇതായിരിക്കാം.

**മദ്യവും കുറ്റകൃത്യങ്ങളും**

കുറ്റകൃത്യങ്ങൾ ഏറ്റവും കൂടുതൽ നടക്കുന്നത് മദ്യലഹരിയിലാണെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. രാജ്യത്തെ കൊലപാതകങ്ങളിൽ 84%വും, കൈയേറ്റങ്ങളിൽ 70%വും ഭവനഭേദനങ്ങളിൽ 70%വും മോഷണങ്ങളിൽ 65%വും ബലാൽസംഘങ്ങളിൽ 65% മദ്യപാനവുമായി ബന്ധപ്പെട്ടുകിടക്കുന്നു. വർഷാവർഷം ഇതിന്റെ തോത് 2% കണ്ട് വർദ്ധിക്കുകയും ചെയ്യുന്നു. നാഷണൽ ക്രൈം ബ്യൂറോയുടെ (2006) കണക്കുപ്രകാരം കേരളത്തിൽ മദ്യപാനംമൂലം 159431 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മദ്യപാനംമൂലമുള്ള കുറ്റകൃത്യങ്ങളുടെ ഇന്ത്യൻ ശരാശരി 175.6 മാത്രമാകുമ്പോൾ മറ്റു സംസ്ഥാനങ്ങളെ പിന്തള്ളി കേരളത്തിലിത് 306.5 ആണ്. കഴിഞ്ഞ കുറച്ച് വർഷങ്ങളായി സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളിലും 4 മടങ്ങ് വളർച്ച അതായത് 22.7% ഉണ്ടായിട്ടുണ്ട്. കേരളത്തിലെ 61% കുടുംബത്തിലും സ്ത്രീകൾക്കെതിരെ അതിക്രമങ്ങൾ നടക്കുന്നു. കേരളത്തിലെ 80% വിവാഹമോചനങ്ങളും മദ്യത്തോട് ബന്ധപ്പെട്ടാണ് സംഭവിക്കുന്നത്.

**മദ്യപാനവും വാഹനാപകടങ്ങളും**

കേരളത്തിലെ റോഡപകടങ്ങളുടെ പ്രധാന കാരണങ്ങളിൽ ഒന്ന് മദ്യപിച്ചിട്ടുള്ള ഡ്രൈവിംഗാണെന്ന് പോലീസ് രേഖകളും പറയുന്നു. റോഡപകടങ്ങളിൽ ഇന്ത്യയിൽ രണ്ടാം സ്ഥാനത്താണ് കേരളം. രാജ്യത്തെ ജനസംഖ്യയുടെ 3.1% മാത്രം വരുന്ന കേരളത്തിൽ മൊത്തം റോഡപകടങ്ങളുടെ 12% നടക്കുന്നു. കേരളത്തിൽ റോഡപകടങ്ങളിൽ 40% വും ഡ്രൈവറുടെ മദ്യപാനം മൂലമാണ്. ദേശീയപാതയിൽ ഇത് 72% ശതമാനമാണ്. അപകടങ്ങൾ കൂടുതലുണ്ടാകുന്നത് ആഴ്ചയുടെ അവസാനങ്ങളിലും, വൈകിട്ട് മൂന്നു മണിക്കും ഏഴ് മണിക്കും ഇടയ്ക്കാണ്. മദ്യവില്പനഷോപ്പുകൾക്ക് അവധിയുള്ള ദിവസങ്ങളിൽ അപകടങ്ങൾ കുറയുന്നു. മദ്യപിച്ചു വാഹനമോടിച്ച് ഇന്ത്യയിൽ ദിവസവും 270 പേർ മരിക്കുന്നു, 5000 പേർക്ക് ഗുരുതരമായി പരിക്കേൽക്കുന്നു. മദ്യപിച്ചവരിൽ അമിതവേഗത്തിൽ വാഹ

നമോടിക്കാനുള്ള പ്രവണത കൂടുന്നു. മദ്യപാനി വാഹനമെടുത്തിറങ്ങുമ്പോൾ അപായ ത്തിലാകുന്നത് അയാളുടെ ജീവൻ മാത്രമല്ല, മറ്റു നിരപരാധികളുടേതുകൂടിയാണ്.

**മദ്യപാനവും ആത്മഹത്യയും**

മദ്യപാനം മൂലം കേരളത്തിൽ 17.6% പേർ മനോരോഗികളായി മാറി. ആത്മഹത്യ കളും കൂട്ട ആത്മഹത്യകളും വാർത്തയല്ലാതായിക്കഴിഞ്ഞ കേരളത്തിൽ വർദ്ധിച്ചുവരുന്ന മദ്യഉപഭോഗവും ആത്മഹത്യകളും തമ്മിലുള്ള ബന്ധം സുവ്യക്തമാണ്. ആത്മഹത്യാപ്ര വണത ഏറ്റവും കൂടുതൽ 21-40 വയസ്സുകാരിലാണ്. ഈ പ്രായക്കാരിൽതന്നെയാണ് ഏറ്റവും കൂടുതൽ മദ്യപാനികളും. കേരളത്തിലെ ആത്മഹത്യകളിൽ 50% വും മദ്യപാനംമൂലമാ ണെന്ന് സ്റ്റേറ്റ് ക്രൈം റിക്കോർഡ് ബ്യൂറോയുടെ കണക്കുകൾ സൂചിപ്പിക്കുന്നു. മദ്യപാനം എടുത്തുചാട്ടം, ആക്രമണസ്വഭാവം എന്നിവയുണ്ടാക്കും. മദ്യപാനിയെ ആത്മഹത്യയി ലേക്ക് നയിക്കുന്ന കാരണങ്ങൾ വിഷാദരോഗം, സാമ്പത്തികനഷ്ടം, ആത്മാഭിമാനക്കുറവ്, ഒറ്റപ്പെടൽ, മദ്യം നിർത്താനാവായ്ക എന്നിവയാണ്. പുരുഷൻമാരിൽ ആത്മഹത്യയുടെ പ്രധാന കാരണം മദ്യപാനമാണെങ്കിൽ 30% സ്ത്രീകളുടെ ആത്മഹത്യയിലും പ്രധാന പങ്ക് ഭർത്താവിന്റെ മദ്യപാനം തന്നെയാണ്. ഇതിനൊക്കെ പുറമേയാണ് വ്യാജമദ്യ ദുരന്ത ങ്ങൾ. 25 വർഷങ്ങൾക്കിടയിൽ ഈ കൊച്ചുകേരളത്തിൽ മാത്രം 19 വ്യാജമദ്യ ദുരന്തങ്ങ ളാണ് ഉണ്ടായത്. 237 പേർക്ക് ജീവൻ നഷ്ടപ്പെട്ടു, ആയിരക്കണക്കിനാളുകൾക്ക് അംഗ വൈകല്യം സംഭവിച്ചു. അവസാനമായി 2010ൽ ഉണ്ടായ കുറ്റിപ്പുറം ദുരന്തത്തിൽ 17 പേർ മരണപ്പെട്ടു.

**മദ്യം... മലയാളി സ്റ്റൈൽ**

ന്യൂ ജനറേഷൻ ചലച്ചിത്രങ്ങളിലെ നായികാനായകൻമാരാണ് ഇന്നത്തെ ഏറ്റവും വലിയ മാതൃകാ മദ്യ ഉപഭോക്താക്കൾ. മദ്യാസക്തി ജീവിതനൈരാശ്യത്തിന്റെ അളവുകോ ലായി കണ്ടിരുന്ന കാലം മാറി. ജീവിതത്തിലെ ഏത് അവസ്ഥയ്ക്കും മദ്യത്തെ കൂട്ടുപിടി ക്കുന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ എത്തി. ഓണം, വിഷു, ക്രിസ്തുമസ്, ദീപാവലി, പുതുവർഷം, പ്രമോഷൻ, കല്യാണം, ജന്മദിനം, ജനനം, എന്തിന് മരണം പോലും മദ്യ ത്തിന്റെ ലഹരിയിൽ ആസ്വദിക്കുന്ന അവസ്ഥയിലേക്ക് മലയാളി മാറിയിരിക്കുന്നു എന്ന താണ് സത്യം. ജോലി കഴിഞ്ഞാൽ നേരെ ബാറിലേക്ക് എന്നത് ഭൂരിപക്ഷം മലയാളികളും ശൈലിയാക്കി മാറ്റിയെന്ന് ബാറുകളിലെ തിരക്ക് കാണുമ്പോൾ ബോധ്യമാകും. രണ്ട് സുഹൃ ത്തുക്കൾക്ക് മുഖാമുഖം സംസാരിക്കാൻ ടേബിളിൽ മദ്യം വേണമെന്ന സ്ഥിതി വന്നിരിക്കു ന്നു.

മലയാളിയുടെ മദ്യപാനത്തിനുമുണ്ട് ചില സവിശേഷതകൾ. ബഹുഭൂരിപക്ഷത്തിനും അതൊരു ശീഘ്രസ്കലനംപോലെയാണ്. എത്രയും പെട്ടെന്ന് തീർക്കണമെന്ന് തിടുക്കമു ള്ളതുപോലെ പെട്ടെന്ന് വലിച്ച് കുടിച്ച് ഗ്ലാസ് കാലിയാക്കും. ഇങ്ങിനെ കുടിക്കുന്നതുകൊ ണ്ടാണ് അളവ് വല്ലാതെ കൂടുന്നത്. ഇത്രയധികം മദ്യം ഒറ്റയടിക്ക് ചെന്ന് തലച്ചോറിനെ ആക്രമിക്കുന്നതുകൊണ്ട് തലക്ക് ഒരൊറ്റ അടി കിട്ടിയതുപോലെ പെട്ടെന്ന് ഫിറ്റാകുകയും മിക്കപ്പോഴും ബോധം പോകുകയും ചെയ്യും.

മലയാളി സമൂഹത്തിലെ നല്ലൊരു വിഭാഗവും മദ്യപാനത്തെ സാമൂഹികാംഗീകാര മുള്ള ഒരു പരിപാടിയാക്കി മാറ്റിയിട്ടുണ്ട്. അതങ്ങനെതന്നെയെന്ന് ന്യായീകരിക്കുകയും ആവർത്തിച്ച് ഉറപ്പിക്കുകയും ചെയ്യുന്ന ഒട്ടേറെ ബിംബങ്ങൾ ജനപ്രിയ മാധ്യമങ്ങളിലൂടെ സൃഷ്ടിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. അധ്വാനിക്കുന്ന ജനവിഭാഗത്തിന് മദ്യപാനശീലത്തെ ന്യായീകരിക്കുവാൻ വേണ്ടതൊക്കെ നമ്മുടെ സമൂഹം നൽകുന്നുണ്ട്. കടലിൽ പോയി കഠിനമായി പണിയെടുക്കുന്നവന് ശരീരത്തിന് ഒരയവുവരാൻ "നല്ലോണം മദ്യം മോന്ത

ണ്ടേ"യെന്നാണ് നാട്ടുനടപ്പുള്ള വർത്തമാനം.

മദ്യപാനത്തെ പ്രോത്സാഹിപ്പിക്കുന്ന ഒരു സാംസ്കാരികാവസ്ഥയും കേരളത്തിൽ ഉണ്ടായിട്ടുണ്ട്. മദ്യവല്ക്കരിക്കപ്പെട്ട മലയാളി സമൂഹത്തിൽ നേട്ടങ്ങൾ ഉണ്ടായാൽ ആനന്ദിക്കാൻ മദ്യസത്കാരം വേണം. കോട്ടങ്ങളുടെ സങ്കടം തീർക്കാനും മദ്യം വേണം. എന്തിനും ഏതിനും മദ്യവിരുന്ന് നിർബന്ധം. നെഞ്ച് വിരിച്ച് അഭിമാനത്തോടെയും അച്ചടക്കത്തോടെയും ക്യൂവിൽ കാത്തുനിന്ന് മലയാളി മദ്യം വാങ്ങുകയാണ്. ഉത്സവങ്ങൾക്കിടയിലും ഹർത്താൽ തലേന്നും ഈ ക്യൂ വിശേഷാൽ വളരും, പെരുമ്പാമ്പുപോലെ നീളും.

**മലയാളി – മദ്യപാനത്തിന്റെ ആരംഭം**

1986ൽ മദ്യപാന പ്രായം 19 വയസ്സായിരുന്നെങ്കിൽ 1990ൽ അത് 17 വയസ്സായും 2000ൽ 14 വയസ്സായും 2002ൽ 13$^{1}$/2 വയസ്സായും ചുരുങ്ങിയിരിക്കുന്നു. ഇന്നത് 12 വയസ്സിൽ എത്തിച്ചേർന്നിരിക്കുന്നു. അതായത് ഹൈസ്കൂൾതലം മുതൽ വിദ്യാർത്ഥികൾ ഈ ശീലത്തിലേക്ക് ചുവട്‌വെച്ച് തുടങ്ങുന്നു. മദ്യം ഒരു സ്റ്റാറ്റസ് സിംബലായും ഉത്തേജക ഔഷധമായും പിന്നെ ഒരു കൗതുകത്തിനും ഉപയോഗിച്ചു തുടങ്ങുന്നു.

**മദ്യപാനം സ്ത്രീകളിൽ**

സമീപകാലത്ത് മദ്യം സ്ത്രീകളിലേക്കും എത്തി എന്നതാണ് നടുക്കുന്ന വസ്തുത. കേരളത്തിൽ സ്ത്രീകളിൽ 3–5% ലഹരി ശീലക്കാരാണ്. മദ്യപിക്കുന്ന സ്ത്രീകളുടെ എണ്ണത്തിൽ 10 വർഷത്തിനിടയിൽ നാലിരട്ടി വർദ്ധനവുണ്ടായി. സ്വകാര്യത ഉറപ്പാക്കിക്കൊണ്ടാണ് സ്ത്രീകളുടെ മദ്യപാനം. പ്രധാന നഗരങ്ങളിലെ പ്രമുഖ ക്ലബ്ബുകളിൽ മദ്യപിക്കുന്ന വനിതകളെ അപൂർവമായി കാണാൻ സാധിക്കും. എന്നാൽ ഭൂരിപക്ഷം പേരും പൊതുവേദികളിൽ മദ്യപിക്കുന്നില്ല എന്നതാണ് ആശ്വാസം തരുന്ന കാര്യം. കോളേജ് വിദ്യാർത്ഥികൾ, പ്രൊഫഷണലുകൾ, വീട്ടമ്മമാർ ഒക്കെ മദ്യപാനികളുടെ വിഭാഗത്തിലുണ്ട്. ഹോസ്റ്റലുകളിൽ താമസിക്കുന്ന കുട്ടികളും വാടകവീട്ടിൽ ഒരുമിച്ച് താമസിക്കുന്ന ഉദ്യോഗസ്ഥ വനിതകളും ഒക്കെ കൂട്ടായ മദ്യപാനത്തിന്റെ പാതയിലാണ്.

**മദ്യാസക്തി എങ്ങനെ തടയാം?**

ഈ രീതിയിലാണ് കാര്യങ്ങളുടെ പോക്ക്. കേരളത്തിൽ മദ്യപാനത്തിന്റെ പിടിച്ചാൽ പിടികിട്ടാത്ത നിലയിലേക്ക് നീങ്ങിയിരിക്കുന്നു. കൗമാരപ്രായത്തിലേക്ക് ചുവടു വയ്ക്കുമ്പോൾതന്നെ മക്കളെ നിയന്ത്രിക്കാൻ രക്ഷിതാക്കൾക്ക് കഴിയാത്തത് പ്രശ്നങ്ങൾ സങ്കീർണ്ണമാക്കുകയാണ്. കാമ്പസുകളിൽനിന്ന് കൂടുതൽ ആധുനികമായ തൊഴിൽ സാഹചര്യങ്ങളിലേക്ക് എത്തുമ്പോൾ ഒരു പൊട്ടിത്തെറിയിലേക്കാണ് യുവാക്കൾ എത്തുന്നത്. തൊഴിൽ സമ്മർദ്ദം, പരീക്ഷാപേടി, വീടുകളിലെ സാഹചര്യങ്ങൾ തുടങ്ങി ഒട്ടേറെ ഘടകങ്ങൾ മദ്യപാന ശീലത്തിന് ആക്കം കൂട്ടുന്നു. മലയാളി = മദ്യം എന്ന സമവാക്യം എത്രമാത്രം ശരിയാണെന്ന് ബിവറേജ്സ് കോർപ്പറേഷന്റെ ചെറിയ കണക്കുകൾ നമ്മെ ബോധ്യപ്പെടുത്തുന്നു. രാജ്യത്തെ നിയമത്തിലെ പഴുതുകളും മദ്യനയത്തിലെ അപാകതകളും സമൂഹത്തിലെ ലഹരിയുടെ തോത് വർദ്ധിച്ച് വർദ്ധിച്ച് നിയന്ത്രണാതീതമാകുന്നത് രാഷ്ട്രത്തിന്റെ ക്ഷേമത്തിനോ സമഗ്രപുരോഗതിക്കോ ഉതകുന്നതല്ല. ഉപദേശങ്ങൾക്കും ബോധവൽക്കരണങ്ങൾക്കുമപ്പുറത്ത് പ്രശ്നപരിഹാരത്തിന് ഒരു രാഷ്ട്രീയ ഇച്ഛാശക്തിയുടെ അനിവാര്യതയാണ് ഈ വിഷയത്തിൽ മുഴച്ച്നിൽക്കുന്നത്. എല്ലാ വിഭാഗക്കാരുംകൂടി ഒരുമിച്ചിരുന്നാലോചിച്ച് പ്രവർത്തിക്കാനുള്ള കാര്യമാണിത്. അതിന് അമാന്തിക്കുന്തോറും കൊടുക്കേണ്ടിവരുന്ന വില വലുതായിരിക്കുമെന്നുമാത്രം.

വിവാഹമോചനങ്ങളും

**മദ്യപാനവും വാഹനാപകടങ്ങളും**

കേരളത്തിലെ റോഡപകടങ്ങളുടെ പ്രധാന കാരണങ്ങളിൽ ഒന്ന് മദ്യപിച്ചിട്ടുള്ള ഡ്രൈവിംഗാണെന്ന് പോലീസ് രേഖകളും പറയുന്നു. റോഡപകടങ്ങളിൽ ഇന്ത്യയിൽ രണ്ടാം സ്ഥാനത്താണ് കേരളം. രാജ്യത്തെ ജനസംഖ്യയുടെ 3.1% മാത്രം വരുന്ന കേരളത്തിൽ മൊത്തം റോഡപകടങ്ങളുടെ 12% നടക്കുന്നു. കേരളത്തിൽ റോഡപകടങ്ങളിൽ 40% വും ഡ്രൈവറുടെ മദ്യപാനം മൂലമാണ്. ദേശീയപാതയിൽ ഇത് 72% ശതമാനമാണ്. അപകടങ്ങൾ കൂടുതലുണ്ടാകുന്നത് ആഴ്ചയുടെ അവസാനങ്ങളിലും, വൈകിട്ട് മൂന്നു മണിക്കും ഏഴ് മണിക്കും ഇടയ്ക്കാണ്. മദ്യവില്പനഷോപ്പുകൾക്ക് അവധിയുള്ള ദിവസങ്ങളിൽ അപകടങ്ങൾ കുറയുന്നു. മദ്യപിച്ചു വാഹനമോടിച്ച് ഇന്ത്യയിൽ ദിവസവും 270 പേർ മരിക്കുന്നു, 5000 പേർക്ക് ഗുരുതരമായി പരിക്കേൽക്കുന്നു. മദ്യപിച്ചവരിൽ അമിതവേഗത്തിൽ വാഹനമോടിക്കാനുള്ള പ്രവണത കൂടുന്നു. മദ്യപാനി വാഹനമെടുത്തിറങ്ങുമ്പോൾ അപായത്തിലാകുന്നത് അയാളുടെ ജീവൻ മാത്രമല്ല, മറ്റു നിരപരാധികളുടേതുകൂടിയാണ്.

**മദ്യപാനവും ആത്മഹത്യയും**

ആത്മഹത്യകളും കൂട്ട ആത്മഹത്യകളും വാർത്തയല്ലാതായിക്കഴിഞ്ഞ കേരളത്തിൽ വർദ്ധിച്ചുവരുന്ന മദ്യഉപഭോഗവും ആത്മഹത്യകളും തമ്മിലുള്ള ബന്ധം സുവ്യക്തമാണ്. പ്ലാനിംഗ് ബോർഡിന്റെ കണക്കുപ്രകാരം ആത്മഹത്യാപ്രവണത ഏറ്റവും കൂടുതൽ 21-40 വയസ്സുകാരിലാണ്. ഈ പ്രായക്കാരിൽതന്നെയാണ് ഏറ്റവും കൂടുതൽ മദ്യപാനികളും. ആത്മഹത്യാശ്രമങ്ങളിൽ 34% മദ്യപാനംമൂലമാണെന്ന് സ്റ്റേറ്റ് ക്രൈം റിക്കോർഡ് ബ്യൂറോയുടെ കണക്കുകൾ സൂചിപ്പിക്കുന്നു. മദ്യപാനം എടുത്തുചാട്ടം, ആക്രമണസ്വഭാവം എന്നിവയുണ്ടാക്കും.
മദ്യപാനിയെ ആത്മഹത്യയിലേക്ക് നയിക്കുന്ന കാരണങ്ങൾ വിഷാദരോഗം, സാമ്പത്തികനഷ്ടം, ആത്മാഭിമാനക്കുറവ്, ഒറ്റപ്പെടൽ, മദ്യം നിർത്താനാവായ്ക എന്നിവയാണ്. പുരുഷൻമാരിൽ ആത്മഹത്യയുടെ പ്രധാന കാരണം മദ്യപാനമാണെങ്കിൽ സ്ത്രീകളുടെ ആത്മഹത്യയിലും പ്രധാന പങ്ക് ഭർത്താവിന്റെ മദ്യപാനം തന്നെയാണ്. ഇതിനൊക്കെ പുറമേയാണ് വ്യാജമദ്യ ദുരന്തങ്ങൾ. 25 വർഷങ്ങൾക്കിടയിൽ ഈ കൊച്ചുകേരളത്തിൽ മാത്രം 19 വ്യാജമദ്യ ദുരന്തങ്ങളാണ് ഉണ്ടായത്. 237 പേർക്ക് ജീവൻ നഷ്ടപ്പെട്ടു, ആയിരക്കണക്കിനാളുകൾക്ക് അംഗവൈകല്യം സംഭവിച്ചു. അവസാനമായി 2010ൽ ഉണ്ടായ കുറ്റിപ്പുറം ദുരന്തത്തിൽ 17 പേർ മരണപ്പെട്ടു.

**മദ്യം... മലയാളി സ്റ്റൈൽ**

പഴയകാല ചലച്ചിത്രങ്ങളിലെ നിരാശാകാമുകൻമാരായിരുന്നു അന്നത്തെ ഏറ്റവും വലിയ മാതൃകാ മദ്യ ഉപ

| Year | IMFL (cases in lacs) | Beer | Gross Sale Value |
|---|---|---|---|
| 1984-85 | 9.34 | 5.05 | 55.46 |
| 1985-86 | 9.98 | 3.63 | 67.12 |
| 1986-87 | 12.09 | 4.78 | 81.54 |
| 1987-88 | 12.56 | 5.16 | 81.42 |
| 1988-89 | 9.99 | 3.07 | 82.42 |
| 1989-90 | 14.66 | 5.24 | 117.41 |
| 1990-91 | 15.43 | 9.53 | 142.33 |
| 1991-92 | 16.36 | 13.09 | 124.67 |
| 1992-93 | 18.22 | 14.53 | 208.02 |
| 1993-94 | 23.79 | 19.03 | 287.15 |
| 1994-95 | 24.61 | 26.79 | 353.91 |
| 1995-96 | 32.52 | 32.15 | 477.60 |
| 1996-97 | 32.42 | 30.85 | 762.93 |
| 1997-98 | 57.25 | 27.93 | 1000.83 |
| 1998-99 | 62.92 | 27.28 | 1112.23 |
| 1999-00 | 64.34 | 25.17 | 1184.65 |
| 2000-01 | 72.19 | 28.93 | 1337.58 |
| 2001-02 | 92.02 | 28.66 | 1694.82 |
| 2002-03 | 97.08 | 33.86 | 1847.40 |
| 2003-04 | 105.98 | 39.45 | 2071.26 |
| 2004-05 | 108.92 | 37.98 | 2320.15 |
| 2005-06 | 109.47 | 40.19 | 2635.81 |
| 2006-07 | 132.65 | 50.05 | 3145.29 |
| 2007-08 | 148.01 | 58.62 | 3669.14 |
| 2008-09 | 171.17 | 70.60 | 4631.00 |
| 2009-10 | 188.03 | 85.19 | 5539.85 |
| 2010-11 | 217.41 | 85.61 | 6730.30 |
| 2011-12 | 241.78 | 97.82 | 7861.74 |
| 2012-13 | 244.33 | 101.64 | 8818.18 |
| 2013-14 (upto Aug.13) | 99.55 | 42.47 | 3754.67 |